KSEB
കേരളത്തിന്റെ ഊർജ്ജം

എല്ലാവീട്ടിലും വൈദ്യുതി

"ഭരണഭാഷ മാതൃഭാഷ"
കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 ലെ ഇന്ത്യൻ കമ്പനി നിയമപ്രകാരം അംഗമാക്കപ്പെട്ടത്)

ഇ.ബി 7/ജനറൽ/സാമൂഹ്യമാധ്യമങ്ങൾ/നിബന്ധനകൾ/2018

തീയതി. 29.09.2018

# പരിപത്രം

വിഷയം : കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാരുടെ സാമൂഹ്യമാധ്യമങ്ങളിലുള്ള പ്രവർത്തനങ്ങൾ- നിയന്ത്രണവും നിബന്ധനയും – നൽകുന്നത് സംബന്ധിച്ച്.

സൂചന: വിഷയത്തിന്മേൽ കെ.എസ്.ഇ.ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നൽകിയ നിർദ്ദേശം.

സമീപകാലത്തായി കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഏതാനും ചില ജീവനക്കാരെ, സാമൂഹിക മാധ്യമങ്ങളിലൂടെ വിവിധ രാഷ്ട്രീയ നേതാക്കൾക്കെതിരെയും, സർക്കാരുകൾക്കെതിരെയും അപകീർത്തികരമായ പ്രസ്താവനകൾ പ്രചരിപ്പിച്ചതിന്, സർവ്വീസിൽ നിന്നും താൽക്കാലികമായി മാറ്റി നിർത്തുകയും, തുടർന്ന് അച്ചടക്ക നടപടികൾ സ്വീകരിച്ച്, ശിക്ഷണ നടപടികൾക്ക് വിധേയരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഇത്തരം ദുഷ്പ്രവണത കൂടുതൽ ജീവനക്കാരിലേയ്ക്ക് വ്യാപിക്കുന്നതായിട്ടാണ് കാണുന്നത്. അത്, പൊതുജന മധ്യത്തിലുള്ള കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിച്ഛായയ്ക്ക് കളങ്കമേൽപ്പിക്കും എന്നത് സംശയാതീതമായ കാര്യമാണ്. ഉത്തരവാദിത്വബോധമുള്ള ജീവനക്കാർ എന്ന നിലയിൽ, സാമൂഹിക മാധ്യമങ്ങളിലെ ഇടപെടലുകളിൽ, കൂടുതൽ ആഭിജാത്യവും, സംസ്ക്കാരവും, മര്യാദയും നിറഞ്ഞ പ്രവർത്തനം ജീവനക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നു.

ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാരും ഉദ്യോഗസ്ഥരും ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളെയോ, തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളേയോ, സാമൂഹിക മാധ്യമങ്ങൾ ഉൾപ്പെടെയുള്ള ഒരു മാധ്യമത്തിൽ കൂടിയും തേജോവധം ചെയ്യാനോ വ്യക്തിഹത്യ ചെയ്യാനോ അപകീർത്തി ഉണ്ടാക്കുന്ന തരത്തിലുള്ള യാതൊരു വിധമായ പ്രവർത്തികൾ ചെയ്യാനോ പാടില്ല എന്നറിയിക്കുന്നു. കൂടാതെ ഇത്തരത്തിൽ മാധ്യമങ്ങളിൽ കൂടി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ നയങ്ങളെ വിമർശിക്കുവാനോ പൊതുജന മധ്യത്തിൽ അപകീർത്തിപ്പെടുത്താനോ പാടില്ല എന്നും അറിയിക്കുന്നു. ഈ നിർദ്ദേശം അവഗണിച്ച് പ്രവർത്തിച്ചാൽ പ്രസ്തുത ജീവനക്കാരൻ/ഉദ്യോഗസ്ഥൻ ജീവനക്കാർക്കുള്ള പെരുമാറ്റ ചട്ടം ലംഘിച്ചതായി കണക്കാക്കി കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നറിയിക്കുന്നു.

ഒപ്പ്
സെക്രട്ടറി (ഭരണം)

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

പകർപ്പ്:

എല്ലാ എ.ആർ.യു മേധാവികൾക്കും, ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കും, ഡയറക്ടർമാർക്കും.